(സി) സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും വിഭാഗത്തിൽ വസ്തു കൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് വരുത്തുകയോ താഴ്ത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വസ്തു കൈമാറ്റം നടത്തുന്നതിന് വില ആധാരങ്ങൾക്ക് സർചാർജ് ഉൾപ്പെടെ പഞ്ചായത്തിൽ 10 ശതമാനവും മുനിസിപ്പാലിറ്റിയിൽ 12.5 ശതമാനവും കോർപ്പറേഷന്റെ പരിധിയിൽ ഉൾപ്പെടുന്നവയ്ക്ക് 13.5 ശതമാനവും മുദ്രതല ആവശ്യമാണ്.

(ബി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (1998-99) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 219.00 കോടി രൂപ വരുമാനമായി ലഭിച്ചു. ഇതിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 60.70 കോടി രൂപ നൽകുകയുണ്ടായി.

(സി) നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് വർദ്ധിപ്പിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) 1959-ലെ കേരള മുദ്രപത്രനിയമം വകുപ്പ് 9 (1) (എ) പ്രകാരം പൊതു താൽപര്യാർത്ഥം യുക്തമെന്നു തോന്നിയാൽ ഏതു കാരണത്തിനും മുദ്രതലയിൽ ഇളവു വരുത്തുവാൻ ഗവൺമെന്റിന് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ച് അർഹമെന്നു കണ്ട് ചില ആധാരങ്ങൾക്ക് മുദ്രതലത്തിൽ ഇളവ് വരുത്തിയിട്ടുണ്ട്.

ദേശീയ സമ്പാദ്യ പദ്ധതിയിൽ പത്തനംതിട്ട ജില്ലയിൽനിന്നും സമാഹരിച്ച തുക

45 (2758) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ പത്തനംതിട്ട ജില്ലയിൽനിന്നും എന്തു തുക സമാഹരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പത്തനംതിട്ട ജില്ലയിൽനിന്നും സമാഹരിച്ചതിന്റെ എത്ര ശതമാനമാണ് ജില്ലാ വികസന ഫണ്ടിലേക്ക് കൈമാറിയിട്ടുള്ളത് ;

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ സമാഹരണത്തിൽനിന്നും പത്തനംതിട്ട ജില്ലയ്ക്ക് കൈമാറിയതുക ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) 1999-2000 സാമ്പത്തിക വർഷത്തിൽ 2000 ഫെബ്രുവരി 1-ാം തീയതി വരെ പത്തനംതിട്ട ജില്ലയിൽനിന്നും ദേശീയ സമ്പാദ്യ പദ്ധതിയിൽ എന്തു തുക സമാഹരിച്ചു; താലൂക്ക് തിരിച്ചുള്ള കണക്കുകൾ നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദേശീയ സമ്പാദ്യ പദ്ധതിയിൽ സമാഹരിക്കുന്ന തുകയിൽനിന്നും ജില്ലകൾക്കുള്ള വിഹിതം നല്കുന്നതിന് 1999-2000 സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് വിഹിതം നല്കുന്നതെന്ന് അറിയിക്കാമോ ;

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽനിന്നും മൊത്തം 76.24 കോടി രൂപയും നീക്കിയിരിപ്പായി 32.57 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) 1998-99 സാമ്പത്തികവർഷം ജില്ലാ വികസന നിധി സ്കീം നിലവിലില്ലാത്തതിനാൽ തുക കൈമാറിയിട്ടില്ല.

(സി) മുൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മൊത്ത നിക്ഷേപമായി 88.78 കോടി രൂപയും മിച്ച നിക്ഷേപമായി 34.81 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. താലൂക്കു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കാരണം ജില്ലയിലെ ഹെഡ് പോസ്റ്റ് ഓഫീസുകൾ തിരിച്ചുള്ള കണക്കാണ് ഇന്ത്യാ ഗവൺമെന്റ് സംസ്ഥാന സർക്കാരിനു നല്കുന്നത്.

(ഇ) ജില്ലകൾക്ക് വിഹിതം നല്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

നാഷണൽ സേവിംഗ്സ് വകുപ്പിലെ നിയമനങ്ങൾ

46 (2759) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വകുപ്പ് ഗവൺമെന്റ് വകുപ്പാണോ ;

(ബി) ആണെങ്കിൽ ഈ വകുപ്പിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണോ നടത്തുന്നത് ;

(സി) അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്ത് ;

(ഡി) ഈ വകുപ്പിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. നടത്താത്ത പക്ഷം അത് എപ്രകാരമാണ് നടത്തുന്നതെന്ന് പറയാമോ ;

(ഇ) ഈ വകുപ്പിന് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലേക്കുള്ള നിയമനരീതി എന്തെന്നു പറയാമോ ;

(ജി) ഈ വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ച ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) അതെ

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly